THURSDAY 15/05/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** Haripriya Devi VV (I/C) **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/05/2025

1. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുല്പാദന ശേഷിയുള്ള ഇഞ്ചി (വരദ), മഞ്ഞൾ (പ്രഗതി) വിത്തുകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ: 8547675124.

2. കേരളസർക്കാർ മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിലുള്ള മലമ്പുഴ റീജിയണൽ പൗൾട്രി ഫാമിൻ്റെ ഫോർട്ടിഫൈഡ് കോഴിവളം ജൈവ കൃഷി ചെയ്യുന്നവർക്ക് വളരെ പ്രയോജനകരമാണ്. ചാരം, മുട്ടത്തോട് കോഴി ഫാമിലെ ലിറ്റർ എന്നിവ ചേർത്ത് നന്നായി പൊടിച്ച വളം എൻ്റെ കേരളം സ്റ്റാളിൽ വില്പനക്കുണ്ട്. കിലോക്ക് 11 രൂപ മാത്രം. നൈട്രജൻ ഫോസ്ഫറസ് പൊട്ടാസ്യം മറ്റു ധാരാളം മൂലകങ്ങളടങ്ങിയ ഒന്നാന്തരം ഓർഗാനിക് വളം. കൂടുതൽ വേണ്ടവർ ഫാമിലേക്ക് വിളിക്കുക. അയച്ചു തരാനുള്ള ചിലവു കൂടി വഹിച്ചാൽ അതിനുള്ള ക്രമീകരണവും ചെയ്യുന്നതാണ്.വിളിക്കേണ്ട നമ്പർ 0491 2971389, 9447368196.

3. ഫിഷറീസ് വകുപ്പിന്റെ മത്സ്യകർഷക അവാർഡിന് അപേക്ഷ ക്ഷണിച്ചു. മികച്ച ശുദ്ധജല മത്സ്യ, ഓരു ജലമത്സ്യ, ചെമ്മീൻ, അലങ്കാരമത്സ്യകർഷകർ, നൂതന മത്സ്യക്കൃഷി നടപ്പാക്കുന്ന കർഷകൻ, പിന്നാമ്പുറങ്ങളിലെ മത്സ്യവിത്ത് ഉൽപ്പാദന യൂണിറ്റ് കർഷകൻ, മികച്ച തദ്ദേശസ്വയം ഭരണ സ്ഥാപനം, മികച്ച സ്റ്റാർട്ടപ്പ്, മത്സ്യക്കൃഷിയിലെ ഇടപെടൽ സഹകരണ സ്ഥാപനം, മികച്ച അക്വാകൾച്ചർ പ്രൊമോട്ടർ, മികച്ച പ്രോജക്ട് കോ-ഓർഡിനേറ്റർ, മത്സ്യവകുപ്പിലെ ഫീൽഡ്തല ഉദ്യോഗസ്ഥർ, മികച്ച ജില്ല എന്നിവയ്ക്കാണ് അവാർഡ്. പൂരിപ്പിച്ച അപേക്ഷ മേയ് 26 വരെ അതത് ജില്ലാ ഓഫീസിൽ സമർപ്പിക്കാം.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾ ജില്ലാ ഫിഷറീസ് ഓഫീസിലും മത്സ്യഭവനിലും ലഭ്യമാണ്. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ: 1800 425 3183, 04712525200.

4. കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ വ്യാഴാഴ്ച (15/05/2025) "പൂക്കളിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ" എന്ന വിഷയത്തിൽ സൗജന്യ പരിശീലന പരിപാടി നടത്തുന്നു. താല്പര്യമുള്ളവർ വിളിക്കേണ്ടഫോൺ നമ്പർ: 8547070773, 0487-2370773

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെന്ററിൽ "കേക്ക് നിർമ്മാണവും അലങ്കാരവും" എന്ന വിഷയത്തിൽ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കേക്ക് എങ്ങനെ ഉണ്ടാക്കാം, എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം, മനോഹരമായി അലങ്കരിക്കുന്നതെങ്ങിനെ എന്നീ കാര്യങ്ങളിൽ സാങ്കേതിക പരിശീലനം നൽകുന്നു. രജിസ്ട്രേഷൻ ഫീസ് ₹1,000/- രൂപ. താല്പര്യമുള്ളവർ 8547070773, 0487-2370773 എന്ന നമ്പറിൽ രാവിലെ 10 മുതൽ വൈകീട്ട് 4 വരെ ബന്ധപ്പെടാവുന്നതാണ്.

6. ലോക ക്ഷീരദിനമായ ജൂൺ 1-ന് ക്ഷീരവികസന വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ വിപുലമായ ക്ഷീരദിനാചരണ പരിപടികൾ സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 22.05.2025 രാവിലെ 9.00 മണി മുതൽ യു.പി., ഹൈസ്കൂൾ/ഹയർ സെക്കൻ്ററി സ്കൂൾ വിദ്യാർത്ഥികൾക്കായി (2024-25 വർഷം അടിസ്ഥാനപ്പെടുത്തി) ഡയറി ക്വിസ്, ചിത്രരചന (വാട്ടർ കളർ), ഉപന്യാസ മത്സരം എന്നിവ നടത്തുന്നു. വേദി - ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രം, ഓച്ചിറ കല്ലൂർമുക്ക് ഐ.ഒ.സി. പമ്പിന് എതിർവശം, ബ്രഹ്മാനന്ദവിലാസം NSS കരയോഗ മന്ദിരം, പായിക്കുഴി റോഡ്, ഓച്ചിറ. മത്സരങ്ങളിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ 19.05.2025 വൈകിട്ട് 5.00 മണിക്ക് മുമ്പായി 0476-2698550, 8089391209 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്കൂളിൽ നിന്നുള്ള തിരിച്ചറിയൽ കാർഡ് മത്സര ദിവസം ഹാജരാക്കേണ്ടതാണ്. പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നതാണ്. എല്ലാ മത്സര വിജയികൾക്ക് പാരിതോഷികവും വിതരണം ചെയ്യുന്നതാണ്.

7. റബ്ബറിന്റെ ശാസ്ത്രീയ വളപ്രയോഗശുപാർശകൾ, ഓൺലൈൻ വളപ്രയോഗശുപാർശ എന്നിവയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. കെ.കെ. അമ്പിളി ഇന്ന് (മെയ് 15) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ 04812576622.

8. **കാർഷിക നിർദേശം** -പടവലം -പടവലത്തിൽ കൂനൻ പുഴുവിനെ നിയന്ത്രിക്കുവാൻ ഗോമൂത്രം കാന്താരി മിശ്രിതം തളിക്കുക. കീടബാധ രൂക്ഷമാണെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 18.5 SC 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാവുന്നതാണ്.
വഴുതന, മുളക് - ഉഴുതുമറിച്ചോ കുഴിച്ചോ നിലമൊരുക്കുക. നന്നായി ചീഞ്ഞ ജൈവ വളം മണ്ണിൽ ചേർക്കാം. ആഴം കുറഞ്ഞ കുഴികളിൽ തൈകൾ നടാം. വേനൽക്കാലത്ത് പറിച്ചുനട്ട തൈകൾക്ക് 3-4 ദിവസം താൽക്കാലിക തണൽ നൽകുക.